**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4721** **20-07-2022 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികൾ പാതി വഴിയിലാകുന്നത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് മതിയായ സാമ്പത്തിക ശേഷി ഇല്ല എന്ന കാരണത്താൽ പ്രവൃത്തികൾ പാതി വഴിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പ്രവൃത്തികൾ പാതി വഴിയിലാകുന്നത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് മതിയായ സാമ്പത്തികശേഷി ഇല്ല എന്ന കാരണത്താൽ പ്രവൃത്തികൾ പാതിവഴിയിലാകുകയോ കാലതാമസം നേരിടുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ സാമ്പത്തികശേഷി ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് വിവിധ കാറ്റഗറിയിലുള്ള ലൈസൻസുകൾ അനുവദിച്ചു നൽകുന്നത്. പ്രവൃത്തികൾ ഏറ്റെടുത്തശേഷം പാതിവഴിയിലാകുന്ന അവസരത്തിൽ കരാറുകാരെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കുകയും ശേഷിക്കുന്ന പ്രവൃത്തി പുന:ക്രമീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഓരോ പ്രവൃത്തിയും ഏറ്റെടുക്കുന്ന കരാറുകാർക്ക് ആയത് നിർവ്വഹിക്കുന്നതിനുള്ള സാമ്പത്തിക നിലയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | കരാറുകാരുടെ സാമ്പത്തികശേഷി ഉറപ്പുവരുത്തുന്നതിന് ബാങ്കിൽ നിന്നുള്ള കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിവിധ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് നിലവിൽ വിവിധ കാറ്റഗറിയിലുള്ള ലൈസൻസുകൾ നൽകിവരുന്നത്. കൂടാതെ 5 കോടിയിലധികം തുകയുള്ള പ്രവൃത്തികൾക്ക്, കരാറുകാർക്ക് നൽകുന്ന Credit facility, Annual turnover, Balance sheet എന്നിവ കണക്കിലെടുത്താണ് കരാറുകാരനെ പ്രീക്വാളിഫൈ ചെയ്യുന്നത്. പ്രീക്വാളിഫൈ ചെയ്ത കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാർക്കാണ് പ്രവൃത്തി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ